# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 40

19.03.2013ൽ
മറുപടിക്ക്

### എമർജിംഗ് കേരള

**ചോദ്യം**

ശ്രീ.മാത്യൂ റ്റി.തോമസ്
ശ്രീമതി ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
ശ്രീ. സി.കെ നാണു

(എ) എമർജിംഗ് കേരളയിൽ എത്ര വ്യവസായസംരംഭങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളും അവയുടെ പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) എമർജിംഗ് കേരളയിലൂടെ ആകെ 176 സംരംഭങ്ങളെ സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ഇവയുടെ വകുപ്പ് തിരിച്ചുള്ള പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.

ബി) എമർജിംഗ് കേരളയിൽ ലഭിച്ച നിരവധി പദ്ധതി നിർദ്ദേശങ്ങളുടെ തുടർനടപടികൾ വിവിധ വകുപ്പുകൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നു. പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുന്നതിനും നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രി ചെയർമാനായ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അധ്യക്ഷനായ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ വ്യവസായവകുപ്പിന് കീഴിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ചില പദ്ധതികൾ സ്ഥല പരിശോധന, പരിസ്ഥിതി അനുമതികൾ എന്നിവക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇതിൽ ബി.പി.സി.എല്ലിന്റെ കൊച്ചി

റിഫൈനറിയുടെ വികസന പദ്ധതിക്ക് ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നിർവ്വഹിച്ചു കഴിഞ്ഞു.

വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച ചില പ്രധാനപ്പെട്ട പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-ഒന്ന്

| | |
|---|---|
| വ്യവസായ വകുപ്പ് | : 48 |
| ടൂറിസം വകുപ്പ് | : 41 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | : 20 |
| വൈദ്യുതി വകുപ്പ് | : 17 |
| ആരോഗ്യ വകുപ്പ് | : 14 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | : 11 |
| തുറമുഖ വകുപ്പ് | : 7 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | : 7 |
| വിവര സാങ്കേതിക വകുപ്പ് | : 5 |
| തൊഴിൽ വകുപ്പ് | : 4 |
| കൃഷി വകുപ്പ് | : 1 |
| റവന്യു വകുപ്പ് | : 1 |
| | 176 |

Section Officer

## അനുബന്ധം -രണ്ട്

## എമർജിംഗ് കേരളയിൽ ലഭിച്ച പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം

**വ്യവസായ വകുപ്പ്**

1. 6000 കോടി രൂപയുടെ പെട്രോകെമിക്കൽ പദ്ധതിക്കായി സമർപ്പിച്ച സംയുക്ത സംരംഭം. പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.
2. 100 കോടി രൂപയുടെ പോളി ഐസോബ്യൂട്ടേൻ ഉത്പന്ന നിർമാണ പദ്ധതിക്കാവശ്യമായ ഭൂമികണ്ടെത്തി. ബി.പി.സി.എൽ റിഫൈനറി വിപുലീകരണത്തോടെ പദ്ധതി ഉല്പാദന ക്ഷമമാകും.
3. 220 കോടി രൂപയുടെ ക്യൂമീൻ പ്രൊഡക്ഷൻ പ്ലാന്റ്. കൊച്ചി റിഫൈനറിക്ക് സമീപം പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ അസംസ്കൃത വസ്തുക്കളായ പ്രൊപ്പിലീൻ, ബെൻസീൻ എന്നിവ കൊച്ചി ബി.പി.സി.എൽ റിഫൈനറിയിൽ നിന്ന് ലഭ്യമാക്കും.
4. നിർമാണ മേഖലയിലേക്ക് ആവശ്യമായ 90 കോടി രൂപയുടെ പ്രീ-കാസ്റ്റ് സ്ട്രക്ചർ ഉത്പാദനകേന്ദ്രം കൊച്ചി എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ. ഇവിടെ 18 ഏക്കർ സ്ഥലം കണ്ടെത്തി. പാരിസ്ഥിതികാഘാത പഠനം പൂർത്തിയായി. റിപ്പോർട്ട് കിട്ടിയശേഷം അന്തിമനടപടി.
5. 200 കോടി രൂപയുടെ മിനി ഫുഡ്പാർക്ക്. പെരുമ്പാവൂരിൽ നടപ്പാക്കുന്ന പദ്ധതിക്ക് ബന്ധപ്പെട്ട അതോറിറ്റികളുടെ അന്തിമാനുമതി തേടി.
6. 400 കോടി രൂപയുടെ ബയോമെഡിക്കൽ ഡിവൈഡഡ് ഹബ്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കെ.എസ്.ഐ.ഡി.സി.യുടെ തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിൽ പദ്ധതി യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.
7. 16 കോടി രൂപയുടെ ജിപ്സം അധിഷ്ഠിത കെട്ടിട നിർമാണോത്പന്ന കേന്ദ്രം. പ്രാഥമിക അനുമതികൾ ലഭ്യമായ പദ്ധതി കൊച്ചി ഇടയാറിൽ യാഥാർത്ഥ്യമാക്കാൻ ഉദ്ദേശിക്കുന്നു.
8. ഒമ്പത് കോടി രൂപയുടെ ഹൈ ഡെൻസിറ്റി പോളിത്തീൻ സ്റ്റോറേജ് ടാങ്ക്. എല്ലാ അനുമതികളും ലഭ്യമായ പദ്ധതി 2013 ഒക്ടോബറിൽ യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ടൂറിസം വകുപ്പ്**

1. 300 കോടി രൂപയുടെ മെഗാ ടൂറിസം ടൗൺഷിപ്പ് പദ്ധതി. സയൻസ് പാർക്ക്, ഇൻഫോടെയ്ൻമെന്റ് സെന്റർ, ഹോട്ടൽ, കൺവെൻഷൻ സെന്റർ, മറ്റു സൗകര്യങ്ങൾ എന്നിങ്ങനെയുള്ള പദ്ധതി എറണാകുളം കിഴക്കമ്പലത്ത് സ്ഥാപിക്കാനാണ് തത്വത്തിൽ ധാരണയായിട്ടുള്ളത്.

2. ആലുവയിൽ 2039 കോടി രൂപയുടെ ലോകോത്തര നിലവാരമുള്ള കൺവെൻഷൻ ആന്റ് ട്രേഡ് സെന്റർ

3. 1200 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് നിർദേശിക്കപ്പെട്ടിട്ടുള്ള ടൂറിസം-ഐടി പദ്ധതി

4. കോട്ടയത്ത് 200 കോടിയുടെ ഹോട്ടൽ, ഓഫീസ്, റസിഡൻഷ്യൽ കോംപ്ലക്സ്, കൺവെൻഷൻ സെന്റർ

5. കൊച്ചി ഇടപ്പള്ളിയിൽ 653 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊമേഴ്സ്യൽ, റസിഡൻഷ്യൽ കോംപ്ലക്സ്.

6. 100 കോടിയുടെ സീപ്ലെയിൻ സർവീസ്. കേന്ദ്രസർക്കാരിന്റെ അനുമതികൾ ലഭിച്ചു. അടിസ്ഥാന സൗകര്യവികസനങ്ങൾ യാഥാർത്ഥ്യമാക്കിത്തുടങ്ങി. 2013 ഏപ്രിലിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് കരുതുന്നു.

<u>ഉന്നത വിദ്യാഭ്യാസ വകുപ്പ്</u>

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പും മെഴ്സിഡസ് ബെൻസും തമ്മിലുള്ള സഹകരണത്തോടെ നടപ്പാക്കുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്. തിരുവനന്തപുരം ഗവ.എഞ്ചിനീയറിംഗ് കോളേജിൽ 'സ്റ്റേറ്റ് ഓഫ് ദ ആർട്ട്സെന്റർ'. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ് 2013 ജൂണിൽ തുടങ്ങും.

2. ബോഷ് റെക്സ്റോർത്ത് ജർമനിയുടെ സെന്റേഴ്സ് ഓഫ് കോംപീറ്റൻസ് പദ്ധതി ഉദ്ഘാടനം ചെയ്തു.

<u>സയൻസ് ആന്റ് ടെക്നോളജി വകുപ്പ്</u>

1. സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ശാസ്ത്രവിദ്യാഭ്യാസ പദ്ധതിയായ കിഡ്സ് ലാബിന്റെ പൈലറ്റ് പദ്ധതി ഇതിനകം ക്ലാസ് നടന്നു. സ്ഥിരം സംവിധാനം ഉടൻ ഏർപ്പെടുത്തും.

2. കോട്ടയത്ത് 100 കോടി രൂപയുടെ ശ്രീനിവാസ രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബെയ്സിക് സയൻസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

3. തിരുവനന്തപുരം വിതുരയിൽ ശാസ്ത്ര സാങ്കേതിക മേഖലയിൽ 500 കോടി രൂപയുടെ റിസർച്ച് പാർക്ക്.

<u>വിവരസാങ്കേതിക വിദ്യ വകുപ്പ്</u>

എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ ഐ.ടി മേഖലയോട് നിക്ഷേപകർ ഏറെ ക്രിയാത്മകമായാണ് പ്രതികരിച്ചത്. സംസ്ഥാന സർക്കാരിന്റെ ഐ.ടി. നയത്തിന് കൂടിയുള്ള അംഗീകാരമായാണ് ഈ പ്രോത്സാഹനജനകമായ പ്രതികരണത്തെ കാണുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ച് 12 ഓളം സ്വകാര്യ ഹൈടെക് പാർക്കുകൾക്ക് നിക്ഷേപകർ സന്നദ്ധത [illegible] സർക്കാരിനെ സമീപിച്ചിട്ടുണ്ട്.